സാന്ത്വനം വാളണ്ടിയർമാർ

57 (2331) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലിയേറ്റീവ് രംഗത്ത് സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച് വരുന്ന സാന്ത്വനം വാളണ്ടീയർമാരുടെ ഉച്ചമായ വേതനം പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വർദ്ധന സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) വേതനം കാലാനുസൃതമായി വർദ്ധിപ്പിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 21-2-2015 ലെ സ.ഉ.(സാധാ)നമ്പർ 526/2015/ത.സ്വ.ഭ.വ. നമ്പർ ഉത്തരവുപ്രകാരം പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് ഹോണറേറിയം 10,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഉടനെ ഒരു വർദ്ധന ഇപ്പോൾ പരിഗണനയിലില്ല.

പതിനെട്ട് വയസ്സിനുതാഴെയുള്ളവർക്ക് സൗജന്യചികിത്സ

58 (2332) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനെട്ട് വയസ്സിനു താഴെയുള്ളവർക്ക് ഏതൊക്കെ രോഗങ്ങൾക്കുള്ള ചികിത്സകളാണ് സൗജന്യമായി നല്കുന്നത്; വരുമാന പരിധിയുണ്ടോ; വിശദാംശം നല്കുമോ;

(ബി) ഏതൊക്കെ ആശുപത്രികളിലെ ചികിത്സകൾക്കാണ് സഹായം അനുവദിക്കുന്നത്; എത്ര തുക വരെയുള്ള ചികിത്സകൾക്കാണ് സഹായം നല്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ) വഴിയും ആരോഗ്യകിരണം പദ്ധതി വഴിയും പതിനെട്ട് വയസ്സിനുതാഴെയുള്ളവർക്ക് ചികിത്സാസഹായം സൗജന്യമായി ലഭ്യമാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly